## 104

1 സ്തുതിപ്പിൻ സ്തുതിപ്പിൻ അനുദിനം സ്തുതിപ്പിൻ
യേശുദേവനെ സ്തുതിച്ചിടുവിൻ
സർവ്വവല്ലഭനാമവനുന്നതനാം
നമ്മെ വീണ്ടെടുത്തോനവനാം

ആ.... ആനന്ദമായ് സ്തുതി പാടിടുവിൻ
ജീവനാഥനെ പുകഴ്ത്തിടുവിൻ
സത്യദൈവമവൻ നിത്യജീവനവൻ
സ്വർഗ്ഗവാതിലും വഴിയുമവൻ

2 തിരുക്കരതലത്തിൽ നമ്മെ വരച്ചുവല്ലോ
പരനാദിയിൽ മുന്നറിവിൽ
ഒരു നാളുമതാലവൻ തള്ളിടുമോ
നമ്മെ പേർചൊല്ലി വിളിച്ചുവല്ലോ

3 ഒരു ജനനി തൻ കുഞ്ഞിനെ മറന്നിടിലും
അവൻ മറക്കുകില്ലൊരിക്കലുമേ
സ്വന്തജീവനെയും തന്നു സ്നേഹിച്ചവൻ
നമ്മെ കാത്തിടുമന്ത്യം വരെ-

4 ക്ഷാമം പെരുകിടിലും ഭൂമി കുലുങ്ങിടിലും
ജനം ആകുലരായിടിലും
ദൈവപൈതങ്ങൾ നാം തെല്ലും ഭയന്നിടുമോ
തുണ വല്ലഭനേശുവല്ലോ-

5 മേഘവാഹനത്തിൽ സ്വർഗ്ഗദൂതരുമായ്
മദ്ധ്യവാനിലവൻ വരും നാൾ
തിരുസന്നിധിയിൽ നമ്മെ ചേർത്തണയ്ക്കും
സർവ്വതുമ്പവും പരിഹരിക്കും.- **G.P.**